" ഭരണഭാഷ - മാതൃഭാഷ"

എൻ4/32368/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 12.04.2019

# സർക്കുലർ

## പ്രിസം മുഖേനയുള്ള പെൻഷൻ അപേക്ഷകൾ Online ആയി സമർപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറെയും എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരെയും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെയും പ്രിസത്തിൽ പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയായും (PSA) ഹെഡ് ഓഫ് ഓഫീസായും (HOO) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിനാൽ വിരമിക്കുന്ന ജീവനക്കാർ പെൻഷൻ അപേക്ഷകൾ Online ആയി സമർപ്പിക്കേണ്ട അധികാരികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. മേഖലാ ഓഫീസിലെ, ഡെപ്യൂട്ടി ഡയറക്ടർമാർ സർക്കാർ കോളേജുകളിലെ പ്രിൻസിപ്പാൾമാർ, അദ്ധ്യാപകർ, സർക്കാർ സ്ഥാപനത്തിലെ ഗസറ്റഡ് വിഭാഗം ജീവനക്കാർ | കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (HOO) |
| 2. സർക്കാർ സ്ഥാപനത്തിലെ അനദ്ധ്യാപകർ (നോൺ ഗസറ്റഡ്) | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (HOO) |
| 3. എയ്ഡഡ് കോളേജിലെ അദ്ധ്യാപകർ | ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് (HOO) |
| 4. എയ്ഡഡ് കോളേജിലെ അനദ്ധ്യാപകർ | ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് (HOO) |

II, വിരമിക്കുന്ന ജീവനക്കാർ Online ആയി സമർപ്പിക്കുന്ന പെൻഷൻ അപേക്ഷയുടെ യുടെ print out ന്റെ എല്ലാ പേജുകളിലും വിരമിക്കുന്ന ജീവനക്കാർ ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളിലെ ഓഫീസ് തലവൻ ( ഡെപ്യൂട്ടി ഡയറക്ടർ/ പ്രിൻസിപ്പാൾ/വാർഡൻ) മേലൊപ്പ് വയ്ക്കേണ്ടതാണ്.

III, മലയാളം പെൻഷൻ ബുക്കിലെ 13-ാം പേജിലെ സ്വീകരിക്കുന്ന അധികാരിയുടെ അഭിപ്രായം (RRA) അതേ മാതൃകയിൽ തയ്യാറാക്കി സ്ഥാപനമേധാവി ഒപ്പിട്ട (അസ്സൽ) print out - നോടൊപ്പം സമർപ്പിക്കേണ്ടതാണ്.

147337
GOVERNMENT OF KERALA 2017-18

IV, മലയാളം പെൻഷൻ ബുക്കിലെ 33 -ാം പേജിന്റെ രണ്ട് പകർപ്പുകൾ (ഡിസ്ക്രിപ്റ്റീവ് റോൾ) ഫോട്ടോ പതിപ്പിച്ച്, വിരലടയാളം, ഒപ്പ് എന്നിവ രേഖപ്പെടുത്തി, സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തി (അസൽ) ഹാജരാക്കേണ്ടതാണ്.

V, സേവനപുസ്തകം, സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, പെൻഷനർ സമർപ്പിക്കുന്ന മറ്റ് അനുബന്ധ രേഖകൾ എന്നിവ printout നോടൊപ്പം സമർപ്പിക്കേണ്ടതാണ്.

VI, ലഭ്യമായിട്ടുള്ള Online അപേക്ഷകൾ പരിശോധിച്ച് അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ചയ്ക്ക് ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ ഉത്തരവാദിയായിരിക്കുമെന്ന വിവരം അറിയിക്കുന്നു.

.VIII, പ്രിസം മുഖേനയല്ലാതെ ലഭ്യമായ അപേക്ഷകൾ 30-04-2019- ന് മുൻപായി ഈ ഓഫീസിൽ അയച്ചുതരേണ്ടതാണ്. 01-05-2019-ന- ശേഷം പ്രിസം മുഖേനയുള്ള അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ മേൽ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഒപ്പ്/-
കെ.ജയചന്ദ്രൻ
അക്കൗണ്ട്സ് ഓഫീസർ(പെൻഷൻ)
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

//അംഗീകാരത്തോടെ //

സൂപ്രണ്ട്

വി.എസ്. 12.04.2019

57338

GOVERNMENT OF KERALA 2017-18